LIBRARY ARCHIVES Kerala Legislative Assembly

വിദേശസഹായമുള്ള പദ്ധതികൾ

10 [12] *ശ്രീ. ഇ. എം. അഗസ്തി:*

" *ജി. കാർത്തികേയൻ:*

" *പ്രയാർ ഗോപാലകൃഷ്ണൻ:*

" *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശസഹായമുള്ള എത്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു; ഈ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ അവ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടി ഉൾപ്പെടെ എട്ടു പദ്ധതികളാണ് സംസ്ഥാനത്ത് വിദേശസഹായത്തോടെ നടപ്പാക്കിവരുന്നത്. ഇവ താഴെ പറയുന്നവയാണ്:

1. അട്ടപ്പാടി പരിസ്ഥിതി സംരക്ഷണ തരിശുഭൂമി വികസന പ്രോജക്ട്
2. ദേശീയ ജലപദ്ധതി
3. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
4. സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ പരിപാടി
5. കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പ്രോജക്ട്
6. കേരള ജലവിതരണ പ്രോജക്ട്
7. കേരള സുസ്ഥിര നഗരവികസന പദ്ധതി
8. ഭരണ നവീകരണ പരിപാടി

(ബി) ഇവ സമയബന്ധിതമായി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇവ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്കായി ഈ പദ്ധതികളെല്ലാം വിവിധതലങ്ങളിൽ മോണിട്ടർ ചെയ്തുവരുന്നു. പ്രധാനമായും നാലു വിധത്തിൽ മോണിട്ടർ ചെയ്തുവരുന്നു:

1. വിദേശസഹായം നൽകുന്ന ഏജൻസി തലത്തിൽ
2. വകുപ്പുതലത്തിൽ എംപവർ കമ്മിറ്റി മുഖാന്തിരം

3. പ്ലാനിംഗ് വകുപ്പിന്റെ കീഴിലുള്ള സി.പി.എം. യൂണിറ്റ് തവത്തിൽ, കൂടാതെ ഈ വർഷം മുതൽ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും മോണിറ്ററിംഗ് നടത്തിവരുന്നു.

തൃക്കരിപ്പൂർ മണ്ഡലത്തിലെ പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി

11 [13] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിസ്സാര കാരണങ്ങളാൽ ഫലപ്രാപ്തിയിലെത്താത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി മുഖ്യമന്ത്രി ആവശ്യപ്പെട്ടപ്രകാരം തൃക്കരിപ്പൂർ മണ്ഡലത്തിലെ ചൂണ്ടിക്കാണിക്കപ്പെട്ട പ്രവൃത്തികളിൽ ഓരോന്നിന്റെയുംമേൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്നും അവ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

ഉത്തരം

പ്രവൃത്തികൾ പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

മന്ത്രിമാരുടെ വിമാനയാത്രാ ചെലവ്

12 [20] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ മന്ത്രിസഭയിലെ ഓരോ അംഗവും എത്ര തവണ ഡൽഹിയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഡൽഹി യാത്രയ്ക്ക് ഓരോ മന്ത്രിക്കുംവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ കേരളത്തിനുപുറത്ത് ഏതെല്ലാം സംസ്ഥാനങ്ങളിൽ മന്ത്രിമാർ എത്ര തവണ വിമാനയാത്ര നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇതിനായി ഓരോ മന്ത്രിമാർക്കുംവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) അനുബന്ധം ഒന്നിൽ† രേഖപ്പെടുത്തിയിരിക്കുന്നു.

(സി) & (ഡി) അനുബന്ധം രണ്ടിൽ† രേഖപ്പെടുത്തിയിരിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly